# ആമുഖം

ബഹുമാനപ്പെട്ട ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. കെ. ജയശങ്കർ, പ്രിയപ്പെട്ട ഭരണ സമിതി അംഗങ്ങൾ, പഞ്ചായത്ത് സെക്രട്ടറി, സ്റ്റാഫ്, നിർവ്വഹണ ഉദ്യോഗസ്ഥർ, മാധ്യമ പ്രവർത്തകർ

2025 ഡിസംബർ മാസം 21-ാം തീയ്യതി ചുമതലയേറ്റ ഭരണസമിതിയുടെ ആദ്യത്തെ ബജറ്റാണ് ഞാൻ ഇന്നിവിടെ അവതരിപ്പിക്കാൻ പോകുന്നത്.

കാട്ടാകാമ്പാൽ ഗ്രാമപഞ്ചായത്തിലെ സമഗ്രവികസനം മുൻനിർത്തിയുള്ള പരിപാടികളും പ്രവർത്തനങ്ങളും പരമാവധി ഉൾപ്പെടുത്തിയിട്ടാണ് ബജറ്റ് രൂപപ്പെടുത്തിയിരിക്കുന്നത്. നീതിപൂർവ്വവും സ്ഥായിയുമായ വളർച്ചയുടെ വാഗ്ദാനമാണ് ഈ ബജറ്റ്. കാട്ടാകാമ്പാൽ ഗ്രാമപഞ്ചായത്തിലെ ആസൂത്രണ സമിതി യോഗത്തിലെ നിർദ്ദേശങ്ങളും, വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ നിർദ്ദേശങ്ങളും, ഗ്രാമസഭകളിൽ പങ്കെടുത്ത ജനങ്ങൾ ഉയർത്തിയ ആവശ്യങ്ങളും നിർദ്ദേശങ്ങളും വികസന സെമിനാറിലെ നിർദ്ദേശങ്ങളും വിവിധ സ്റ്റാൻറിംഗ് കമ്മറ്റികളിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങളും ക്രോഡീകരിച്ചുമാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. സാമൂഹ്യനിതിയും സാമ്പത്തിക വികസനവും കൈവരിക്കുക എന്ന പഞ്ചായത്ത് രാജ് നിയമത്തിന്റെ അടിസ്ഥാന കാഴ്ച്ചപാടിൽ ഈ ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള വികസന പരിപാടികൾ ഉൾപ്പെടുത്തിയാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്.

2026-27 സാമ്പത്തിക വർഷം വസ്തുനികുതിയിനത്തിൽ 75,00,000/- (എഴുപത്തിയഞ്ച് ലക്ഷം) രൂപയും തൊഴിൽ നികുതിയിനത്തിൽ 16,50,000/- (പതിനാറ് ലക്ഷത്തി അമ്പതിനായിരം) രൂപയും സേവന നികുതി ഇനത്തിൽ 7,50,000/- (ഏഴ് ലക്ഷത്തി അമ്പതിനായിരം) രൂപയും ഉൾപ്പെടെ നികുതി വരുമാനം ഇനത്തിൽ 99,00,000/- (തൊണ്ണൂറ്റി ഒമ്പത് ലക്ഷം) രൂപയാണ് നാം ലക്ഷ്യമിടുന്നത്. നികുതിയേതര വരുമാനം ഇനത്തിൽ 66,35,000/- (അറുപത്താറ് ലക്ഷത്തി മുപ്പത്തയ്യായിരം)രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2026-27 സാമ്പത്തിക വർഷത്തെ ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 2,22,53,000/- (രണ്ട് കോടി ഇരുപത്തി രണ്ട് ലക്ഷത്തി അമ്പത്തി മൂവായിരം) രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വിവിധ ഗ്രാൻറുകൾ, സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ, കേന്ദ്രാവിഷ്കൃത ഫണ്ടുകൾ, ജില്ലാ പഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം മുതലായ ഇനങ്ങൾക്കായി 12,29,85,000/- (പന്ത്രണ്ട് കോടി ഇരുപത്തൊമ്പത് ലക്ഷത്തി എൺപത്തയ്യായിരം) രൂപയും വിവിധ ക്ഷേമപെൻഷനുകളുടെ സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം ഫണ്ട് ഇനത്തിൽ 7,38,14,000/- (ഏഴ് കോടി മുപ്പത്തിയെട്ട് ലക്ഷത്തി പതിനാലായിരം) രൂപയും ഉൾപ്പെടെ 2026-27 സാമ്പത്തിക വർഷം ആകെ വരവിനത്തിൽ 30,58,68,073/-(മുപ്പത് കോടി അൻപത്തിയെട്ട് ലക്ഷത്തി അറുപത്തി യെട്ടായിരത്തി എഴുപത്തി മൂന്ന്) രൂപയും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## കാർഷിക മേഖല

തലപ്പിള്ളി താലൂക്കിന്റെ നെല്ലറ എന്ന് വിശേഷിപ്പിക്കുന്ന കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കാർഷിക മേഖലയുമായി ബന്ധപ്പെട്ട വരായതിനാൽ കാർഷിക മേഖലയുടെ വളർച്ച തന്നെയാണ് കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്തിന്റെ വികസനത്തിന് പരമ പ്രധാനം. കൃഷിയിടങ്ങളുടെ ശോഷിപ്പും വർദ്ധിച്ച കാർഷിക ചിലവുകളും കാർഷിക മേഖലയിലെ ഉൽപ്പന്നങ്ങളുടെ വിലക്കുറവും ഈ മേഖലയെ ഇതിനോടകം പിന്നോക്കമാക്കിയിട്ടുണ്ട്. 2026-27 സാമ്പത്തിക വർഷം നെൽകൃഷി വികസനത്തിനായി 35,10,285/- രൂപയും, തെങ്ങ് കൃഷി കൂലി ചെലവുകൾക്കായി ഒരേക്കറിന്

887/– രൂപ നിരക്കിൽ 8,800/–രൂപ കർഷകർക്ക് കൂലിയിനത്തിൽ ലഭിക്കുന്ന വിധത്തിൽ പദ്ധതി വിഭാവനം ചെയ്യുന്നു.

കാലാവസ്ഥവ്യതിയാനമനുസരിച്ച് കൃഷി രീതികളിൽ മാറ്റം വരുത്തുന്നതിനായി വേൾഡ് ബാങ്കിന്റെ കേര പ്രോജക്ടിന്റെ ഭാഗമായി കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിലെ കൃഷി ഭവൻ 2026–27 സാമ്പത്തിക വർഷത്തിൽ സ്മാർട്ട് കൃഷിഭവനാക്കുന്ന പ്രവർത്തി പൂർത്തിയാക്കും. 2026–27 സാമ്പത്തിക വർഷത്തിൽ കർഷകർക്ക് സ്പ്രെയർ നല്കുന്നതിന് 1 ലക്ഷം രൂപയും 45,000 കിലോ നെൽ വിത്തിനായി 22,00,000/–(ഇരുപത്തി രണ്ട് ലക്ഷം) രൂപയും വകയിരുത്തിയിരിക്കുന്നു. നെൽകർഷകർക്ക് കൂലി ചെലവ് ഇനത്തിൽ ഒരു ഏക്കറിന് കഴിഞ്ഞ തവണ നൽകിയ 2300/– രൂപയിൽ നിന്ന് 5700/– രൂപയാക്കി പഞ്ചായത്ത്,ബ്ലോക്ക്,ജില്ലാപഞ്ചായത്ത് എന്നീ വിഹിതത്തോടെ ബജറ്റിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. മട്ടപ്പാവ് കൃഷിക്കായി 3,00,000/– (മൂന്ന് ലക്ഷം) രൂപ, കവുങ്ങ് കർഷകർക്കായി 2,50,000/–(രണ്ട് ലക്ഷത്തി അമ്പതിനായിരം) രൂപ, വാഴക്കന്ന് വിതരണം 1,00,000/–(ഒരു ലക്ഷം) രൂപ,പച്ചക്കറി തൈകൾക്കായി 2,00,000/–(രണ്ട് ലക്ഷം) രൂപയും വകയിരുത്തുന്നു. പഞ്ചായത്തിലെ എല്ലാ വീടുകളിലേക്കും വേപ്പിൻ തൈ നൽകി പഞ്ചായത്തിനെ സമ്പൂർണ്ണ വേപ്പിൻ ഗ്രാമപഞ്ചായത്താക്കി മാറ്റാൻ 1,50,000/–(ഒരു ലക്ഷത്തി അമ്പതിനായിരം) രൂപ നീക്കിവെക്കുന്നു. കാർഷിക മേഖലയിലെ വളം, കീടനാശിനി എന്നിവക്കായി 3,00,000/–(മൂന്ന് ലക്ഷം) രൂപ വകയിരുത്തുന്നു.

## മൃഗ സംരക്ഷണ മേഖല

മൃഗസംരക്ഷണ മേഖലയിലെ വികസനങ്ങൾക്കായി കറവപ്പശുക്കൾക്ക് കാലി ത്തീറ്റ വിതരണം, മൃഗാശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങല്, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, മുട്ടക്കോഴി വളർത്തൽ,പശുവിനെ വാങ്ങൽ, ധാതുലവണ മിശ്രിതം,തെരുവ് നായ്ക്കളുടെ അപകടത്തിൽ നിന്ന് രക്ഷ നേടൽ, ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായ പന്നികളുടെ നിർമ്മാർജ്ജനം തുടങ്ങിയ പദ്ധതികൾക്കായി 2026–27 സാമ്പത്തിക വർഷം ആകെ 18,00,000/–(പതിനെട്ട് ലക്ഷം) രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

## പാർപ്പിടം

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്തിലെ പാവപ്പെട്ടവർ അനുഭവിക്കുന്ന പാർപ്പിട പ്രശ്നം വളരെ ഗുരുതരമാണ്. പാർപ്പിട പ്രശ്ന പരിഹാരത്തിനായി 2026–27 സാമ്പത്തിക വർഷം ആകെ 3,00,00,000/–(മൂന്ന് കോടി ) രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

## ആരോഗ്യം

പഞ്ചായത്തിലെ ഡയാലിസിസ് രോഗികൾക്ക് മാസം തോറും 4,000/– രൂപ നൽകുന്ന വിധത്തിൽ ഈ പദ്ധതിക്കായി 12,00,000/– (പന്ത്രണ്ട് ലക്ഷം) രൂപ വകയിരുത്തുന്നു. കേൾവി ശക്തി കുറഞ്ഞവർക്ക് ക്യമ്പ് സംഘടിപ്പിച്ച് ശ്രവണ സഹായി വിതരണത്തിനായി 3,00,000/– (മൂന്ന് ലക്ഷം ) രൂപ തുക വകയിരുത്തുന്നു. പഞ്ചായത്തിലെ ജീവിത ശൈലീ രോഗങ്ങളുമായി മല്ലടിക്കുന്നവർ,പാലിയേറ്റീവ് രംഗത്തെ രോഗികൾ ഉപയോഗിക്കുന്ന സിറിഞ്ച്, കോട്ടൺ, യൂറിനറി ബാഗ് എന്നിവ വീടുകളിൽ നിന്ന് നീക്കം ചെയ്യുന്നതിന് പ്രത്യേക ഏജൻസികളുമായി നടത്തുന്ന പദ്ധതിക്ക് 50,000/– രൂപ നീക്കി വെക്കുന്നു.

## വിദ്യാഭ്യാസം

നമ്മുടെ കുട്ടികൾക്ക് വായനാശീലം കുറഞ്ഞിരിക്കുന്ന സാഹചര്യം കണക്കിലെടുത്ത് ഇവർക്കായി സമ്മർ വെക്കേഷന് ക്യാമ്പുകൾ,അക്ഷര കളരി എന്നിവ സംഘടിപ്പിക്കാനും ആധുനിക പഠനവും നാടൻ പഠനവും പ്രോത്സാഹിപ്പിക്കുന്നതിൻറെ ഭാഗമായി AI ക്യാമ്പുകൾ,Painting Camp, Rocket Camp, Robotic Camp, Grooming Camp, Drama Camp, Quizzers lobby തുടങ്ങിയ ക്യാമ്പുകൾ സംഘടിപ്പിക്കാനും ബജറ്റ് തുക വകയിരുത്തിയിട്ടുണ്ട്. വീരനാട്യത്തിൽ കുട്ടികളെ പ്രോത്സാഹിപ്പിച്ച് വരുമാനദായകരാക്കി മാറ്റാം. ആസ്വാദന കളരികൾ സംഘടിപ്പിക്കാനുംബജറ്റ് വാഗ്ദാനം ചെയ്യുന്നു. മുൻ കാലങ്ങളിലെ ഫലപ്രദമായ പ്രവർത്തനങ്ങൾ കൊണ്ട് കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലകളിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ആധുനിക യുഗ ത്തിനനുസൃതമായി വിദ്യാഭ്യാസ മേഖലയെ പരിപോഷിപ്പിക്കുവാൻ നാം ഇനിയും ശ്രമിക്കേണ്ടതുണ്ട്. പൊതു മേഖലയിലായാലും സ്വകാര്യ മേഖലയിലായാലും വിദ്യാഭ്യാസ രംഗത്ത് വിവേചനമില്ലാത്ത ഇടപെടലുകളും പ്രോൽസാഹനങ്ങളും ഉണ്ടാകേണ്ടതുണ്ട്. വിദ്യാഭ്യാസ മേഖലയുടെ വികസനത്തിനായി 2026-27 സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി 28,00,000/- (ഇരുപത്തിയെട്ട് ലക്ഷം) രൂപ വകയിരുത്തിയിട്ടുണ്ട്.

## കുടിവെള്ളം, ശുചിത്വം

കുടിവെള്ള ദൌർലഭ്യം ഗ്രാമ പഞ്ചായത്തിന്റെ പ്രധാന പ്രശ്നങ്ങളിലൊന്നാണ്. എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി നമ്മുടെ ഗ്രാമ പഞ്ചായത്തില് ജൽ ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കി വരുന്നു. 2026-27 സാമ്പത്തിക വര് കുടിവെള്ള വിതരണത്തിനായും പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കുടിവെള്ളം, ശുചിത്വം തുടങ്ങിയ മേഖലകളിലേക്കായി 2026-27 സാമ്പത്തിക വർഷം 25,00,000/- (ഇരുപത്തിയഞ്ച് ലക്ഷം ) രൂപ വകയിരുത്തിയിട്ടുള്ളതാകുന്നു.

## പട്ടികജാതി വികസനം

പട്ടികജാതി വികസനത്തിനായി പട്ടിക ജാതി മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ലൈഫ് ഭവന പദ്ധതി, പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, വിവാഹ ധനസഹായം, പഠന മുറി, വനിതകൾക്ക് ഓട്ടോറിക്ഷ, എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ, ഉന്നതികളിലെ അടിസ്ഥാന വികസനത്തിന് പ്രത്യേകം പദ്ധതികൾ തുടങ്ങിയ പദ്ധതികൾക്കായി രൂപ 2026-27 സാമ്പത്തിക വർഷത്തിൽ 1,21,75,000/- (ഒരു കോടി ഇരുപത്തിയൊന്ന് ലക്ഷത്തി എഴുപത്തി അയ്യായിരം) രൂപ വകയിരുത്തിയിട്ടുള്ളതാകുന്നു.

## വനിത വികസനം

വനിത വികസന പദ്ധതികൾക്കായി 2026-27 സാമ്പത്തിക വർഷം 41,78,700/- (നാൽപത്തിയൊന്ന് ലക്ഷത്തി എഴുപത്തിയെട്ടായിരത്തി എഴുനൂറ്) രൂപ വകയിരുത്തിയിട്ടുള്ളതാകുന്നു.

## പശ്ചാത്തല മേഖല

കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്തിലെ ഗ്രാമീണ റോഡുകളുടെ വികസനത്തിനായി 1,56,48,000/-(ഒരു കോടി അൻപത്തിയാറ് ലക്ഷത്തി നാൽപത്തിയെട്ടായിരം രൂപ മാത്രം) വകയിരുത്തിയിട്ടുള്ളതാകുന്നു. തെരുവ് വിളക്കുകൾക്ക് പുതിയ ഇലക്ട്രിക് ട്യൂബ് സെറ്റുകൾ സ്ഥാപിക്കുന്നതിന് 8,00,000/- തുക വകയിരുത്തിയിട്ടുണ്ട്.

## സദ് ഭരണം

ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം,പ്രോജക്ട് അസിസ്റ്റന്റിന്റെ വേതനം പദ്ധതി ആസൂത്രണ ചിലവുകൾ, ഐ.കെ.എം. ന് പണം അടവാക്കൽ, വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ സേവനം മെച്ചപ്പെടുത്തൽ തുടങ്ങിയ പദ്ധതികൾക്കായി 18,73,000/-രൂപയാണ് (പതിനെട്ട് ലക്ഷത്തി എഴുപത്തി മൂവായിരം) ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്.

കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്തിൽ 2026-27 സാമ്പത്തിക വർഷം പ്രാരംഭ ബാക്കിയിനത്തിൽ 3,14,93,073/- (മൂന്ന് കോടി പതിനാല് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി എഴുപത്തി മൂന്ന് )രൂപയും വരവിനത്തിൽ 27,43,75,000/-(ഇരുപത്തേഴ് കോടി നാല്പത്തി മൂന്ന് ലക്ഷത്തി എഴുപത്തയ്യായിരം) രൂപയുമടക്കം ആകെ 30,58,68,073/-(മുപ്പത് കോടി അമ്പത്തെട്ട് ലക്ഷത്തി അറുപത്തെട്ടായിരത്തി എഴുപത്തി മൂന്ന്) രൂപ വരവും ചിലവിനത്തില് 29,63,93,960/- (ഇരുപത്തി ഒമ്പത് കോടി അറുപത്തി മൂന്ന് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി തൊള്ളായിരത്തി അറുപത്) രൂപയും 2026-27 സാമ്പത്തിക വർഷത്തെ നീക്കി ബാക്കി ഇനത്തിൽ 94,74,113/- (തൊണ്ണൂറ്റി നാല് ലക്ഷത്തി എഴുപത്തി നാലായിരത്തി ഒരുന്നൂറ്റി പതിമൂന്ന് ) രൂപയും പ്രതീക്ഷിക്കുന്നു.

# പൊതു വകയിരുത്തലുകൾ

- പഞ്ചായത്തിലെ രജിസ്റ്റർ ചെയ്ത യുവജനക്ലബ്ബുകൾക്കായി സ്പോർട്സ് കിറ്റ് നൽകൽ.
- പഞ്ചായത്തിന്റെ വരുമാനം ലക്ഷ്യമിട്ട് ടൂറിസത്തെ ഉപയോഗപ്പെടുത്തി സ്രായിൽക്കടവ്, ചെറുവള്ളിക്കടവ്,പെരുന്തുരുത്തി പ്രദേശങ്ങളിൽ ആവശ്യമായ നടപടികൾ.
- യുവതി-യുവാക്കൾക്ക് വരുമാനം ഉറപ്പാക്കാൻ തൊഴിൽ മേളകൾ,കുട്ടു സംരംഭങ്ങൾ തുടങ്ങാൻ പ്രത്യേകം പദ്ധതികൾ.
- പഞ്ചായത്തിന്റെ പ്രധാനപ്പെട്ട പഴഞ്ഞി ഭാഗത്ത് ടേക്ക് എ ബ്രേക്ക് ,Cloud Kitchen centre, Tea Hub എന്നീ പദ്ധതികൾക്ക് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.
- നമ്മുടെ കുട്ടികളെ ലഹരിയിൽ നിന്ന് മുക്തമാക്കുന്നതിന് operation Against Drugs പദ്ധതികൾ എന്നിവയ്ക്ക് തുക വകയിരുത്തിയിട്ടുണ്ട്.
- മാനസിക വൈകല്യങ്ങൾ നേരിടുന്നവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ട് വരുന്നതിന് ബഡ്സ് സ്കൂൾ നിർമ്മാണത്തിന് 20,00,000/- രൂപ വകയിരുത്തുന്നു.
- വയോജനങ്ങളുടെ സ്നേഹ സംഗമത്തിനും പകൽവീട് ഉപയോഗപ്പെടുത്തുന്നതിനും ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.കൂടാതെ വികലാംഗർക്ക് ലാപ് ടോപ്പ് പഞ്ചായത്തിന്റെ ഹൃദയ ഭൂമിയായ ചിറക്കൽ സെന്ററിൽ ബസ് കാത്തിരിക്കുന്നവർക്കായി container Bus stop, Etoilet / Chemical Toilet എന്നിവക്കായി 6,00,000/- രൂപ വകയിരുത്തുന്നു.
- കുറഞ്ഞ ചെലവിൽ കുപ്പി വെള്ളം ലഭ്യമാക്കുന്നതിന് Water ATM പ്രധാന ഇടങ്ങളിൽ സ്ഥാപിക്കുന്നതിന് 6,00,000/-രൂപ വകയിരുത്തുന്നു.
- അയിനൂരിൽ ക്രിമിറ്റോറിയത്തോടനുബന്ധിച്ച് Diaper, Napkin, Pad എന്നിവ സംസ്കരിക്കുന്നതിനായി ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് 2,50,000/- രൂപ വകയിരുത്തുന്നു.
- കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് ഹാൾ നവീകരണത്തിനായി 8,00,000/- (8 ലക്ഷം രൂപ) വകയിരുത്തുന്നു.
- പഞ്ചായത്തിലെ കാൻസർ രോഗികളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ രോഗ സാധ്യതകൽ എവിടെ നിന്നെന്ന് മനസിലാക്കൽ, കിണറുകളിലെ കുടിവെള്ളം ടെസ്റ്റിംഗ് ,പൊതുകുളങ്ങളുടെ ശുചീകരണത്തിനായി പ്രത്യേകം പദ്ധതികൾ
- Clean&Green kattakampal എന്ന ലക്ഷ്യം മുൻ നിർത്തി പഞ്ചായത്തിന്റെ വിവിധ ഇടങ്ങൾ ശുചീകരിക്കുന്നതിനായി 1,00,000/ രൂപ മാറ്റിവെക്കുന്നു.
- കുടിവെള്ളക്ഷാമം അകറ്റുന്നതിനായി വിവിധ വാർഡുകളെ സംയോജിപ്പിച്ച് സമഗ്ര കുടിവെള്ള പദ്ധതികൾ.
- ഓപ്പൺ ജിം പദ്ധതികൾ.
- ഫിറ്റ്നസ് സെൻററുകൾ.
- അംഗപരിമിതരുടെ മാനസിക ഉല്ലാസം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള പ്രത്യേക പദ്ധതികൾ.
- കാറ്ററിംഗ് സർവ്വീസ് നടത്തുന്നതിന് പ്രത്യേകം പദ്ധതികൾ.

| | | | |
|---|---|---|---|
| കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് | | | |
| ബജറ്റ് 2026-27 | | | |
| ബജറ്റ് സംഗ്രഹം | | | |
| | പ്രാരംഭ ബാക്കി | | 31493073 |
| 1 | നികുതി വരുമാനം | | |
| | കെട്ടിട നികുതി | 7500000 | |
| | തൊഴിൽ നികുതി | 1650000 | |
| | സർവ്വീസ് സെസ്സ് | 750000 | |
| | **നികുതി വരുമാനം ആകെ** | **9900000** | **9900000** |
| 2 | നികുതിയേതര വരുമാനം | | |
| | സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ഫീ | 25000 | |
| | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കും മറ്റ്സേവനങ്ങൾക്കുമുള്ള ലൈസൻസ് ഫീ | 500000 | |
| | വളർത്തു നായ്ക്കൾക്കുള്ള ലൈസൻസ് ഫീസ് | 2000 | |
| | മറ്റ് ലൈസൻസ് ഫീസുകൾ | 200000 | |
| | കെട്ടിട നിർമ്മാണത്തിനുള്ള ഫീസ് | 1650000 | |
| | യന്ത്രം സ്ഥാപിക്കുന്നതിനുള്ള ഫീസ് | 2000 | |
| | പെർമിറ്റ് അപേക്ഷാ ഫീസ് | 100000 | |
| | ജനന മരണ സർട്ടിഫിക്കറ്റുകൾക്കുള്ള ഫീസ് | 2000 | |
| | ജനന മരണം താമസിച്ചുള്ള രജിസ്ട്രേഷനുള്ള ഫീസ് | 70000 | |
| | വിവാഹ സർട്ടിഫിക്കറ്റിനുള്ള ഫീസ് | 20000 | |
| | വിവാഹ രജിസ്ട്രേഷനുള്ള ഫീസ് | 25000 | |
| | മറ്റ് സർട്ടിഫിക്കറ്റുകൾക്കും പകർപ്പുകൾക്കുമുള്ള ഫീസുകൾ | 70000 | |
| | വിവരാവകാശ നിയമപ്രകാരമുള്ള ഫീസ് | 20000 | |
| | ഹോർഡിംഗുകളിൽ നിന്നുള്ള ഫീസ് | 100000 | |
| | ക്രമവൽക്കരണ ഫീസ് | 300000 | |
| | അപേക്ഷാ ഫീസ് | 20000 | |
| | പിഴപ്പലിശ | 400000 | |
| | കോടതി ചുമത്തുന്ന പിഴകൾ | 50000 | |

| | | | |
|---|---|---|---|
| | മറ്റ് പിഴകളും ശിക്ഷകളും | 150000 | |
| | കോമ്പൗണ്ടിംഗ് ഫീ | 20000 | |
| | മാലിന്യം വലിച്ചെറിയുന്നതിനുള്ള പിഴ | 200000 | |
| | നോട്ടീസ് ഫീസ് | 50000 | |
| | വാറണ്ട് ഫീസ് | 2000 | |
| | ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള ഫീസ് –പിഴ | 200000 | |
| | ലൈസൻസ് മാറ്റുന്നതിനുള്ള ഫീസ് | 30000 | |
| | താമസിച്ചുള്ള രജിസ്ട്രേഷൻ ഫീസ് | 10000 | |
| | തിരച്ചിൽ ഫീസ് | 2000 | |
| | മറ്റ് ഫീസുകൾ | 10000 | |
| | ശ്മശാന ഫീസുകൾ | 160000 | |
| | മറ്റ് ഉപയോഗങ്ങൾക്കുള്ള ഫീസുകൾ | 150000 | |
| | റോഡ് മുറിക്കുന്നതിനുള്ള ചാർജ്ജുകൾ | 120000 | |
| | മറ്റ് ചാർജ്ജുകൾ | 100000 | |
| | മറ്റ് ഉൽപ്പന്നങ്ങളുടെ വിൽപ്പനയിൽ നിന്നുള്ള വരവ് | 160000 | |
| | ഫോമുകളുടെ വിൽപ്പനയിൽ നിന്നുള്ള വരവ് | 125000 | |
| | ടെണ്ടർ ഫോമുകളുടെ വിൽപ്പനയിൽ നിന്നുള്ള വരവ് | 180000 | |
| | സ്റ്റോറുകളുടെ വിൽപ്പനയിൽ നിന്നുള്ള വരവ് | 25000 | |
| | ആക്രി വിൽപ്പനയിൽ നിന്നുള്ള വരവ് | 75000 | |
| | കാലഹരണപ്പെട്ട ആസ്തികളുടെ ലേലത്തിൽ നിന്നുള്ള വരവ് | 300000 | |
| | പലവക വിൽപ്പനകളിൽ നിന്നുള്ള വരവ് | 10000 | |
| | ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള പലിശ | 1000000 | |
| | **നികുതിയേതര വരുമാനം (ആകെ)** | **6635000** | **6635000** |
| | | | |
| 3 | **ജനറൽ പർപ്പസ് ഫണ്ട്** | **22253000** | **22253000** |
| | ആകെ തനത് ഫണ്ട് പ്രതീക്ഷിത വരവ് | 38788000 | 38788000 |
| | വികസനഫണ്ട് – ജനറൽ | 30640000 | |
| | വികസനഫണ്ട് – പ്രത്യേക ഘടക പദ്ധതി | 11275000 | |
| | മെയിൻറനൻസ് ഫണ്ട് – റോഡ് | 13537000 | |
| | മെയിൻറനൻസ് ഫണ്ട് – റോഡിതരം | 3773000 | |
| | ഗുണഭോക്തൃ വിഹിതം | 1200000 | |
| | സംയുക്ത പദ്ധതികൾക്കുള്ള വിഹിതം – ജില്ലാ പഞ്ചായത്തിൽ നിന്ന് | 9500000 | |

| | | | |
|---|---|---|---|
| | സംയുക്ത പദ്ധതികൾക്കുള്ള വിഹിതം - ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് | 9500000 | |
| | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 32000000 | |
| | സംയോജിത ശിശു വികസന പദ്ധതി | 1975000 | |
| | പ്രത്യേക പദ്ധതികൾക്കുള്ള ഗ്രാൻറുകളും ഫണ്ടുകളും വിഹിതങ്ങളും-സംസ്ഥാനാവിഷ്കൃത പദ്ധതികളും വികസന ഫണ്ടും ഒഴികെ - ലൈഫ് മിഷൻ | 9585000 | |
| 4 | **ആകെ പ്രതീക്ഷിത പദ്ധതി വിഹിതം** | **122985000** | **122985000** |
| 55 | **ക്ഷേമ പെൻഷനുകൾക്കായി ലഭിക്കുന്ന വിഹിതം** | **73814000** | **73814000** |
| | **2026-27 സാമ്പത്തിക വർഷത്തെ ആകെ വരവ്** | | **274375000** |
| | **(പ്രാരംഭ ബാക്കി + വരവ്)** | | **305868073** |
| | 2026-27 സാമ്പത്തിക വർഷത്തെ ഭരണ, സേവന ചിലവുകൾ | | 26146000 |
| | പദ്ധതിയിലേക്ക് വകയിരുത്തുന്ന തനത് ഫണ്ട് | | 6724480 |
| | 2026-27 സാമ്പത്തിക വർഷത്തെ പദ്ധതി ചിലവുകൾ (എ.ജി.എൻ.ആർ.ഇ.ജി.എസ്. ഉൾപ്പെടെ) | | 189709480 |
| | 2026-27 സാമ്പത്തിക വർഷം ക്ഷേമ പെൻഷനുകൾക്ക് വേണ്ടിയുള്ളചിലവുകൾ | | 73814000 |
| | 2026-27 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചിലവ് | | 296393960 |
| | **2026-27 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത നീക്കി ബാക്കി** | | **9474113** |

2026-27 സാമ്പത്തിക വർഷം തനത് ഫണ്ട് വരവ് ഇനത്തിൽ 3,87,88,000/- (മൂന്ന് കോടി എൺപത്തേഴ് ലക്ഷത്തി എൺപത്തെട്ടായിരം) രൂപയും തനത് ഫണ്ട് ചെലവ് ഇനത്തിൽ 3,28,70,480/-(മൂന്ന് കോടി ഇരുപത്തെട്ട് ലക്ഷത്തി എഴുപതിനായിരത്തി നാന്നൂറ്റി എൺപത്) രൂപയും മിച്ചം ഇനത്തിൽ 59,17,520/- (അമ്പത്തൊമ്പത് ലക്ഷത്തി പതിനേഴായിരത്തി അഞ്ഞൂറ്റി ഇരുപത്) രൂപയും ( 15 ശതമാനം) പ്രതീക്ഷിക്കുന്നു.

കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്തിന്റെ സർവ്വോൻമുഖമായ വികസനം ലക്ഷ്യമാക്കി 2026-27 സാമ്പത്തിക വർഷത്തേക്കുള്ള നിയമാനുസൃത ധനവിനിയോഗങ്ങൾക്ക് വേണ്ടി തയ്യാറാക്കിയ വിശദമായ ബജറ്റ് ഭരണസമിതിയുടെ ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി സമർപ്പിക്കുന്നു.

മിനി ഐപ്പ് എം

വൈസ് പ്രസിഡൻറ്, കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്ത്